ഹദീസ്

നൗഷാദ് ചേനപ്പാടി

# സ്വയം പീഡയേൽക്കലല്ല ആത്മീയത

عن أنس  قال: جَاءَ ثَلَاثَةُ رَهْطٍ إِلَى بُيُوتِ أَزْوَاجِ النَّبِيِّ صلى الله عليه وسلم يَسْأَلُونَ عَنْ عِبَادَةِ النَّبِيِّ صلى الله عليه وسلم فَلَمَّا أُخْبِرُوا كَأَنَّهُمْ تَقَالُّوهَا فَقَالُوا وَأَيْنَ نَحْنُ مِنَ النَّبِيِّ صلى الله عليه وسلم قَدْ غُفِرَ لَهُ مَا تَقَدَّمَ مِنْ ذَنْبِهِ وَمَا تَأَخَّرَ. قَالَ أَحَدُهُمْ أَمَّا أَنَا فَإِنِّي أُصَلِّي اللَّيْلَ أَبَدًا. وَقَالَ آخَرُ أَنَا أَصُومُ الدَّهْرَ وَلاَ أُفْطِرُ. وَقَالَ آخَرُ أَنَا أَعْتَزِلُ النِّسَاءَ فَلاَ أَتَزَوَّجُ أَبَدًا. فَجَاءَ رَسُولُ اللَّهِ صلى الله عليه وسلم فَقَالَ : أَنْتُمُ الَّذِينَ قُلْتُمْ كَذَا وَكَذَا أَمَا وَاللَّهِ إِنِّي لأَخْشَاكُمْ لِلَّهِ وَأَتْقَاكُمْ لَهُ، لَكِنِّي أَصُومُ وَأُفْطِرُ، وَأُصَلِّي وَأَرْقُدُ وَأَتَزَوَّجُ النِّسَاءَ، فَمَنْ رَغِبَ عَنْ سُنَّتِي فَلَيْسَ مِنِّي (متفق عليه)

**അനസി(റ)ൽനിന്ന് നിവേദനം: ഒരിക്കൽ മൂന്നാളുകൾ നബി(സ)യുടെ ഭാര്യമാരുടെ വീടുകളിൽ വന്ന് അവിടുത്തെ ഇബാദത്തിനെപ്പറ്റി അന്വേഷിച്ചു. നബി(സ)യുടെ ഇബാദത്തിന്റെ രീതിയെപ്പറ്റി അവർ വന്നവർക്ക് പറഞ്ഞുകൊടുക്കുകയും ചെയ്തു. അതുകേട്ടപ്പോൾ ഇബാദത്തുകൾ വളരെ കുറഞ്ഞുപോയതുപോലെ അവർക്കൊരു തോന്നൽ. എന്നിട്ടവർ പരസ്പരം പറഞ്ഞു: 'നാമെവിടെ, നബിയെവിടെ? അവിടുത്തേക്കാണെങ്കിൽ മുമ്പു കഴിഞ്ഞുപോയതും മേലിൽ വരാനിരിക്കുന്നതുമായ എല്ലാ പിശകുകളും അല്ലാഹു മാപ്പാക്കിയിരിക്കുന്നുവല്ലോ.' അപ്പോൾ അവരിലൊരാൾ ഇങ്ങനെ പറഞ്ഞു: 'എന്നാൽ ഇനിമുതൽ ഞാൻ എക്കാലവും രാത്രിയിലുടനീളം നമസ്കാരത്തിൽ കഴിച്ചുകൂട്ടും.' അപ്പോൾ അടുത്തയാൾ: 'എങ്കിൽ ഇനിയുള്ള കാലം എല്ലാ ദിവസവും ഞാൻ നോമ്പു നോൽക്കും. ഒറ്റ ദിവസവും ഒഴിവാക്കില്ല.' മറ്റേയാൾ പറഞ്ഞത് ഇങ്ങനെ: 'ഞാൻ മേലിൽ വിവാഹം കഴിക്കാതെ സ്ത്രീകളിൽനിന്ന് അകന്നു വൈരാഗിയായി കാലംകഴിക്കും.' പിന്നെ നബി(സ) അവരുടെ അടുത്തെത്തി ചോദിച്ചു: 'നിങ്ങളാണോ ഈ രീതിയിലൊക്കെ സംസാരിച്ചത്? എന്നാൽ കേട്ടോളൂ, നിങ്ങളിലാരേക്കാളും അല്ലാഹുവിനെ ഏറ്റവും ഭയപ്പെടുന്നവനും അവനെ അങ്ങേയറ്റം സൂക്ഷിച്ചു ജീവിക്കുന്നവനും ഞാൻ തന്നെയാണ്. ഞാനാകട്ടെ ആഴ്ചയിലെ ചില ദിവസങ്ങളിൽ നോമ്പെടുക്കുകയും ബാക്കി ദിവസങ്ങളിൽ നോമ്പെടുക്കാതിരിക്കുകയും ചെയ്യുന്നു. രാത്രിയിൽ നിന്നു നമസ്കരിക്കുകയും അതേപോലെ ഉറങ്ങുകയും ചെയ്യുന്നു. ഞാൻ സ്ത്രീകളെ വിവാഹം ചെയ്തിട്ടുമുണ്ട്. അതിനാൽ അറിഞ്ഞുകൊള്ളുക: എന്റെ ചര്യയെ ഇഷ്ടപ്പെടാത്തവൻ, അതിനോട് വിപ്രതിപത്തി കാണിക്കുന്നവൻ എന്നിൽപെട്ടവനേയല്ല.'**

**(ഇമാം ബുഖാരിയും ഇമാം മുസ്‌ലിമും തങ്ങളുടെ സ്വഹീഹിൽ ഉദ്ധരിച്ചത്. ഹദീസിന്റെ അറബിമൂലം ബുഖാരിയിൽനിന്ന്)**

ഇസ്‌ലാമിക ജീവിതത്തിന്റെ അടിസ്ഥാനം എന്താണ് എന്ന് വ്യക്തമായി പഠിപ്പിക്കുന്ന ഹദീസാണിത്. വിശ്വാസ കാര്യങ്ങളിൽ നബി (സ) അറിയിച്ചുതന്നത് അംഗീകരിച്ചും സ്വീകരിച്ചും ജീവിതത്തിന്റെ മുഴുവൻ മേഖലയിലും അവിടുത്തെ ചര്യയെ- സുന്നത്തിനെ- മാത്രം പിന്തുടരുക. ഒരു കാര്യത്തിലും മറ്റൊരാളുടെയും ചര്യയെ പിന്തുടരാതിരിക്കുക. അപ്പോഴേ ഏതൊരാളുടെയും

**ഇസ്‌ലാമിക ജീവിതത്തിന്റെ ഏറ്റവും പ്രകടമായ സവിശേഷത സന്തുലിതത്വമാണ്. ആത്മീയ ജീവിതത്തെയും ഭൗതിക ജീവിതത്തെയും താളാത്മകമായി സമന്വയിപ്പിച്ചുകൊണ്ടുള്ള സന്തുലിതത്വം. ഏതു നിലവാരത്തിലുള്ള മനുഷ്യനും പ്രയാസമന്യേ അനുഷ്ഠിക്കാവുന്നതാണ് അതിന്റെ ആത്മീയത. ആത്മീയതയിലാവട്ടെ, ഭൗതികതയിലാവട്ടെ അതിരുവിട്ടുകൊണ്ടുള്ള ജീവിതം ശരിയായ ഇസ്‌ലാമികപാതയിൽനിന്നുള്ള വ്യതിചലനമാണ്.**

ജീവിതം ഇസ്‌ലാമികമാകുന്നുള്ളൂ. നബി(സ)യെ പിന്തുടരൽ സമ്പൂർണമായിട്ടായിരിക്കണം, എന്നാൽ സന്തുലിതമായിട്ടു വേണം. നമുക്ക് പ്രത്യക്ഷത്തിൽ നന്നായി തോന്നുന്ന ചില കാര്യങ്ങളിൽ അവിടുത്തെ ചര്യയെ പിന്തുടരുക, അതിലും പ്രാധാന്യമുള്ള പല കാര്യങ്ങളിലും പിന്തുടരാതിരിക്കുക. ഇത് മുമ്പിൽ കണ്ടാണ് സുന്നത്തിനെ അനുധാവനം ചെയ്യുന്നത് സന്തുലിതമായിരിക്കണം എന്നു പറഞ്ഞത്.

ഉദാഹരണമായി, കർമപരമായ സുന്നത്തുകളിൽ ഒന്നാം സ്ഥാനത്ത് നിൽക്കുന്നു ഫർദ് നമസ്കാരങ്ങൾ പള്ളിയിൽ പോയി ജമാഅത്തായി ത്തന്നെ നിർവഹിക്കണം എന്നത്. ഇത് അവഗണിച്ചുകൊണ്ട് വേഷവിധാനങ്ങളിൽ അമിത ശ്രദ്ധ ചെലുത്തുന്നത് അസന്തുലിതമായ നിലപാടാണ്. അതുപോലെ ആരാധനാകാര്യങ്ങളിൽ വരവണ്ണം തെറ്റാതെ നബി(സ)യുടെ സുന്നത്തിനെ പിന്തുടരുന്നതിൽ കർക്കശ നിലപാട് സ്വീകരിക്കുക, അതേസമയം സാമ്പത്തിക- രാഷ്ട്രീയ- സാംസ്കാരിക രംഗങ്ങളിൽ മറ്റുള്ളവരുടെ സുന്നത്തിനു പിന്നാലെ പോവുക. ഇവിടെയാണ് സുന്നത്തിനെ അനുധാവനം ചെയ്യൽ സമ്പൂർണമാവണം എന്നു പറയുന്നത്. ഖേദകരമെന്നു പറയട്ടെ, മുസ്‌ലിം ബഹുഭൂരിപക്ഷവും ഈ രണ്ടു നിലപാടിലും അക്ഷന്തവ്യമായ ആലസ്യത്തിലാണ്. നബി(സ)യെ തങ്ങളുടെ സമ്പൂർണ മാതൃകയായി അംഗീകരിച്ചുകൊണ്ട്, ഒരു വശവും വിട്ടുപോകാതെ ജീവിതത്തിന്റെ സകല മേഖലകളിലും അവിടുത്തെ ചര്യയെ പിന്തുടരാനും അനുസരിക്കാനും അവർ തയാറല്ല. എന്നാലോ മദ്ഹ് പാട്ടിന് ഒരു കുറവുമില്ല താനും. ഇത് തീർച്ചയായും കാപട്യവും വൈരുധ്യാത്മകവുമായ നിലപാടാണ്.

ഇസ്‌ലാമിക ജീവിതത്തിന്റെ ഏറ്റവും പ്രകടമായ സവിശേഷത സന്തുലിതത്വമാണ്. ആത്മീയ ജീവിതത്തെയും ഭൗതിക ജീവിതത്തെയും താളാത്മകമായി സമന്വയിപ്പിച്ചുകൊണ്ടുള്ള സന്തുലിതത്വം. ഏതു നിലവാരത്തിലുള്ള മനുഷ്യനും പ്രയാസമന്യേ അനുഷ്ഠിക്കാവുന്നതാണ് അതിന്റെ ആത്മീയത. ആത്മീയതയിലാവട്ടെ, ഭൗതികതയിലാവട്ടെ അതിരുവിട്ടുകൊണ്ടുള്ള ജീവിതം ശരിയായ ഇസ്‌ലാമികപാതയിൽനിന്നുള്ള വ്യതിചലനമാണ്. ആത്മീയതയിലും ഭൗതികതയിലും അതിരുകവിഞ്ഞു ജീവിക്കുന്നവരെ ഖുർആൻ 'ഫാസിഖു'കൾ എന്നാണ് വിശേഷിപ്പിക്കുന്നത്. രണ്ടു തവണ ഈ വിശേഷണം വന്നിരിക്കുന്നു ഒരേ സൂറയിൽതന്നെ; സൂറഃ അൽഹദീദിൽ. ഭൗതിക ജീവിതത്തിൽ കൂപ്പുകുത്തി ദീർഘനാൾ ജീവിച്ചപ്പോൾ ഹൃദയം കടുത്തുപോയ ഒരു വിഭാഗത്തെപ്പറ്റി ഫാസിഖുകൾ എന്ന് പതിനാറാമത്തെ ആയത്തിൽ വിശേഷിപ്പിച്ചിരിക്കുന്നു. അതേപോലെ അല്ലാഹുവിന്റെ അനുമതിയില്ലാതെ ഒരു വിഭാഗം ആത്മീയതയിൽ അതിരുകവിഞ്ഞ് പൗരോഹിത്യവും സന്യാസവും സ്വയം സ്വീകരിച്ചപ്പോഴും ഖുർആൻ അവരെ ഫാസിഖുകൾ എന്നു വിളിക്കുന്നുണ്ട്, അതേ സൂറയിലെ ഇരുപത്തി ഏഴാമത്തെ ആയത്തിൽ.

ഈ ഹദീസിലും ആത്മീയതയിലേക്ക് അതിരുകവിഞ്ഞു പോകാനുള്ള പ്രവണതയെ നബി(സ) ശക്തമായി എതിർത്തിരിക്കുന്നു. അതെന്റെ ചര്യയല്ല എന്നും എന്റെ ചര്യയെ ഇഷ്ടപ്പെടാതെ സ്വന്തമായ ആത്മീയവഴി തേടുന്നവൻ എന്നിൽപെട്ടവനല്ല എന്നും അവിടുന്ന് താക്കീത് ചെയ്തിരിക്കുന്നു. വല്ലാഹി, വല്ലദീ നഫ്സീ ബിയദിഹി എന്നീ പ്രയോഗങ്ങളിലൂടെ അല്ലാഹുവിൽ സത്യം ചെയ്തുകൊണ്ട് തുടങ്ങുന്ന ഹദീസുകളും ലൈസ മിന്നാ, ലൈസ മിന്നീ എന്നീ പ്രയോഗങ്ങൾ കൊണ്ട് തുടങ്ങുന്നതോ അവസാനിക്കുന്നതോ ആയ ഹദീസുകളും അത്യന്തം ഗൗരവമേറിയ മുന്നറിയിപ്പുകൾ ഉൾക്കൊള്ളുന്നതാണ്. ഉമ്മത്ത് പ്രാധാന്യത്തോടെ അറിഞ്ഞിരിക്കേണ്ട ഹദീസുകൾ.

അഞ്ചു നേരത്തെ ഫർദ് നമസ്കാരങ്ങൾക്കു പുറമെ അതോടൊപ്പമുള്ള റവാത്തിബും അല്ലാതെയുമുള്ള സുന്നത്ത് നമസ്കാരങ്ങൾ, അതിലെ അതിപ്രധാനമായ തഹജ്ജുദ് നമസ്കാരം, വിവിധ സന്ദർഭങ്ങളിലുള്ള സുന്നത്ത് നമസ്കാരങ്ങൾ ഇതൊക്കെയാണ് നമുക്ക് ജീവിതത്തിൽ കാണാനാവുക. പിന്നെ നിരവധി സുന്നത്തായ ദിക്റുകളും ദുആകളും. സന്ദർഭോചിതവും സമയോചിതവുമായ ഖുർആൻ പാരായണവും പഠനവും. സകാത്തിനു പുറമെ ആവശ്യാനുസരണം സാധുക്കൾക്കു നൽകുന്ന സ്വദഖകൾ. റമദാനിലെ നിർബന്ധ നോമ്പിനു പുറമെ ആഴ്ചയിൽ തിങ്കളും വ്യാഴവും, അയ്യാമുൽ ബീളിലെയും മൂന്ന് നോമ്പുകൾ, അറഫാദിനത്തിലെയും മുഹർറത്തിലെയും നോമ്പുകൾ (ഇവയെല്ലാംകൂടി ഒരു വർഷത്തിൽ നൂറ്റിനാൽപ്പതിൽപരം നോമ്പുകൾ വരും). കൂടാതെ നിരന്തരമായുള്ള തൗബയും ഇസ്തിഗ്ഫാറും. ഇത്രയും പോരേ ശരിയായ ഒരു ആത്മീയ ജീവിതത്തിന്? ഏതു ആലിമിനും പാമരന്നും ശക്തന്നും ദുർബലന്നും മറ്റേത് നിലവാരത്തിലുള്ളവർക്കും സാധ്യമായ കാര്യങ്ങളാണിവ. അവരവരുടെ കഴിവിനനുസരിച്ച് ചെയ്യാവുന്നവ. സ്വയം പീഡയേൽപ്പിക്കുന്ന സന്യാസജീവിതം ഇസ്‌ലാമിൽ ഇല്ലെന്ന് അസന്ദിഗ്ധമായി പ്രഖ്യാപിക്കുകയാണ് ഈ നബിവചനം. ●